(19) വ്യവസായത്തൊഴിലാളികളുടെ ക്ഷാമബത്ത നിർണ്ണയിക്കൽ

ശ്രീ. കെ. പി. രാജേന്ദ്രൻ : കേരളത്തിലെ വ്യവസായത്തൊഴിലാളികൾക്ക് ഡി. എ. നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് ഡി.എ. നിശ്ചയിക്കുന്നതിന് അടിസ്ഥാനവർഷമായി കണക്കാക്കുന്നത് 1971 വർഷമാണ്. 30 വർഷം മുൻപുള്ള സ്ഥിതിവിവരകണക്കനുസരിച്ചാണ് തൊഴിലാളികളുടെ ഡി. എ. നിശ്ചയിച്ചുകൊടുക്കുന്നത്. ഇത് സംബന്ധിച്ച് നിരവധി തവണ ഈ സഭയിൽ സബ്മിഷനിലൂടെയും മറ്റ് പ്രശ്നങ്ങളുടെ കൂടെയും ഉന്നയിച്ചിട്ടുള്ളതുമാണ്. കേരള ഗവൺമെന്റ് ഡി. എ. പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന വർഷം മാറ്റുന്നതിനായി അത് പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ട്രേഡ് യൂണിയൻ പ്രതിനിധികൾകൂടി ഉൾപ്പെട്ട ബന്ധപ്പെട്ട കമ്മിറ്റി 1998 അടിസ്ഥാനവർഷമാക്കി കണക്കാക്കി ഡി.എ. നിശ്ചയിക്കണമെന്ന് പറഞ്ഞ് ഏകകണ്ഠമായി കേരള ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. തൊട്ടടുത്ത അയൽ സംസ്ഥാനമായ തമിഴ്നാടുമായി നമുക്ക് ഏതാണ്ട് 400, 500 രൂപയുടെ വ്യത്യാസം ഉണ്ട്. പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് സംസ്ഥാനത്ത് ഡി. എ. കിട്ടുന്നതിൽ വലിയ സംഖ്യ കുറവുവരുന്നുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ റിപ്പോർട്ട് അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസ്രോതസ്സും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, വ്യവസായത്തൊഴിലാളികളുടെ ക്ഷാമബത്ത പുതുക്കിനിശ്ചയിക്കുന്നതിന് 3-7-1997-ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ഇതിനായി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തി. സർവ്വേ റിപ്പോർട്ട് 18-12-2000-ത്തിൽ സർക്കാരിന് ലഭിച്ചു. പ്രസ്തുത റിപ്പോർട്ട് 13-2-2001-ൽ സർക്കാർ അംഗീകരിച്ചു. അത് അച്ചടിക്കുന്നതിന് ഡയറക്ടർ ഓഫ് പ്രിന്റിംഗിന് അയച്ചുകൊടുത്തിരിക്കുകയാണ്. ഇതിന്റെ തുടർനടപടിയായി കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നമ്പർ പുതിയ അടിസ്ഥാനവർഷത്തിൽ കണക്കാക്കേണ്ടതുണ്ട്. കൂടാതെ പുതിയ സീരിസിലും പഴയ സീരിസിലുമുള്ള ലിങ്കിങ് ഫാക്ടറും കണക്കാക്കേണ്ടതുണ്ട്. ഇത്തരത്തിൽ കിട്ടുന്ന ലിങ്കിങ് ഫാക്ടറും പുതിയ അടിസ്ഥാന വർഷത്തിൽ ലഭിക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സും ഗവൺമെന്റിന് ലഭിച്ച് അംഗീകാരം നല്കിയാൽ മാത്രമേ പുതിയ അടിസ്ഥാന വർഷത്തിൽ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടികൾ ധൃതഗതിയിൽ കൈക്കൊള്ളാൻ എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly